# ഇന്റർസെഷൻ ഫോർ ഇന്ത്യ കേന്ദ്രസമിതി



ഐ. എഫ്. ഐ. കേന്ദ്രസമിതി അംഗങ്ങളും ആത്മീയ പിതാക്കന്മാരും തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിലിനോടൊപ്പം. നിൽക്കുന്നവർ ഇടത്തു നിന്നും ബിജു അരണാട്ടുകര, തോമസ് കണ്ണൂർ, സോണി ജോസഫ്, ബാബു വരടിയം, ടി.എൽ. ജോസഫ്, ഡാനി ഡേവീസ്, ജിബി ജെയ്ക്കബ്, സണ്ണി കൊള്ളന്നൂർ, സി.എ. ജോജോ, ലീഡർ ജോയ്സൺ വടക്കാഞ്ചേരി. ഇരിക്കുന്നവർ ഫാ. ബിജു പാണേങ്ങാടൻ, ഫാ. ജോസ് മുണ്ടാടൻ.



കാച്ചേരി മഡോണയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ



ചേറൂർ പള്ളിയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ



ബാംഗ്ലൂർ മതിക്കരയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ



അത്താണി പള്ളിയിൽ IFI പ്രാർത്ഥനാകൂട്ടായ്മ



കണ്ണൂർ ചുണ്ടപറമ്പ് ഇടവകയിൽ IFI പ്രാർത്ഥനാകൂട്ടായ്മ



കൊല്ലം കൊട്ടിയം ധ്യാനനിലയത്തിൽ IFI പ്രാർത്ഥനാ കൂട്ടായ്മ



എടക്കളത്തൂർ പള്ളിയിൽ IFI പ്രാർത്ഥനാകൂട്ടായ്മ



പുതുരുത്തിപള്ളിൽ പള്ളിയിൽ IFI പ്രാർത്ഥനാകൂട്ടായ്മ

## ജപമാലയുടെ ശക്തി

"തിന്മയുടെ വശീകരണശക്തിയിൽ നന്മയ്ക്ക് മങ്ങലേൽക്കുന്നു. ഭ്രമിപ്പിക്കുന്ന മോഹങ്ങൾ നിഷ്കളങ്ക ഹൃദയത്തെ വഴിതെറ്റിക്കുന്നു" (ജ്ഞാനം 4:12)

ഏതൊരു നിഷ്കളങ്ക ഹൃദയവും വഴിതെറ്റിപ്പോകുന്ന ഈ തിന്മയുടെ ലോകത്ത് നന്മയെ മുറുകെ പിടിച്ചുകൊണ്ട് മുന്നേറുവാൻ നമ്മുടെ കൈവശമുള്ള ഏറ്റവും ശക്തിയേറിയ ആയുധമാണ് ജപമാല.

നാരകീയ സർപ്പത്തിന്റെ തലയെ തകർത്ത പരിശുദ്ധ കന്യകാമറിയം തിന്മയ്ക്കെതിരെ, അബദ്ധ സിദ്ധാന്തങ്ങൾക്കെതിരെ പോരാടാൻ വിശുദ്ധ ഡൊമിനിക്കിലൂടെ ദൈവജനത്തിന് സമ്മാനിച്ചതാണ് ജപമാല. ദിവ്യരഹസ്യങ്ങളുടെ ആഘോഷമാണ് വിശുദ്ധ കുർബ്ബാനയെങ്കിൽ ദിവ്യരഹസ്യങ്ങളുടെ ധ്യാനമാണ് പരിശുദ്ധ ജപമാല.

ആവർത്തിച്ചു ചൊല്ലുമ്പോഴും ഒരിക്കലും വിരസതതോന്നാത്ത ഒരു പ്രാർത്ഥനയാണിത്. പതിമൂന്നാം നൂറ്റാണ്ടിൽ ആരംഭംകുറിച്ച ജപമാല പ്രാർത്ഥനയിലൂടെ അസംഖ്യം പിശാചുക്കൾ കീഴടങ്ങുകയും നിർവീര്യമാകുകയും ചെയ്തതായി വിശുദ്ധൻമാർ സാക്ഷ്യപ്പെടുത്തുന്നു.

കേരളത്തിൽ തൃശൂർ ആസ്ഥാനമായി ഐ.എഫ്.ഐയുടെ നേതൃത്വത്തിൽ ജപമാല പ്രാർത്ഥനകൾ ഉയരുമ്പോൾ മലയാളക്കരയിൽ വിശുദ്ധീകരണത്തിന്റെ ആദ്യസൂചനകൾ കണ്ടുതുടങ്ങി. പാൻമസാല വിൽക്കുന്നതും ഉപയോഗിക്കുന്നതും നിർത്തലാക്കി. കൂടാതെ മദ്യവിൽപ്പനയുടെ സമയം നിജപ്പെടുത്തി ഈ തിന്മയുടെ ശക്തിയെ നിർവീര്യമാക്കുവാൻ ഹൈക്കോടതി തന്നെ ഉത്തരവിടാൻ ഒരുങ്ങുകയാണ്.

സഹോദരങ്ങളേ, നമുക്കൊരുമിക്കാം. പരിശുദ്ധ ജപമാലയിലൂടെ തിന്മയുടെ വശീകരണശക്തിയെ നിർവീര്യമാക്കാൻ നമുക്ക് കരം കോർക്കാം. ഒരു പുതുയുഗ പിറവിക്കായി ജപമാലപ്രാർത്ഥനയിൽ അണിചേരൂ. ഐ.എഫ്.ഐയിൽ അംഗമായി ശക്തിപ്രാപിക്കൂ. സ്നേഹത്തോടെ,

ഐ.എഫ്.ഐ, തൃശൂർ.



വില്ലടം പള്ളിയിൽ IFI പ്രാർത്ഥനാകൂട്ടായ്മ



വിയ്യൂർ പള്ളിയിൽ IFI പ്രാർത്ഥനാകൂട്ടായ്മ

## ഇന്റർസെഷൻ ഫോർ ഇന്ത്യ എന്തിനുവേണ്ടി

**"ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത് അത് ഇതിനകം കത്തിജ്ജ്വലിച്ചിരുന്നെങ്കിൽ"** (ലൂക്ക : 12 - 49).

രാജ്യം നമുക്കുവേണ്ടി എന്ത് ഇതുവരെ ചെയ്തു എന്നതിനേക്കാൾ നമ്മൾ രാജ്യത്തിനുവേണ്ടി എന്ത് ചെയ്തു അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്നു.


ഇന്ത്യ എന്ന മഹാരാജ്യത്തിൽ രണ്ടായിരത്തിലധികം വർഷം പഴക്കമുണ്ടെന്നഭിമാനിക്കുന്ന ക്രിസ്ത്യാനികൾ ഇത്രയും വർഷം കഴിഞ്ഞിട്ടും വെറും 2% മാത്രം. ഇനിയും എത്ര കോടി ജനങ്ങൾ ക്രിസ്തുവിനെ അറിയേണ്ടതുണ്ട്. ഇതിന്റെയെല്ലാം ധാർമ്മിക ഉത്തരവാദിത്വം നമുക്കില്ലേ? അതോ, വൈദികർക്കും സന്യസ്തർക്കും മാത്രമാണോ? 2000 വർഷങ്ങൾക്കു മുൻപ് ക്രിസ്തുവിന്റെ ശിഷ്യനായ വി. തോമാസ്ശ്ലീഹ മുതൽ 500 വർഷങ്ങൾക്കു മുൻപ് നമ്മുടെ രാജ്യത്തേയ്ക്ക് കടന്നുവന്ന ഇന്ത്യയുടെ രണ്ടാമത്തെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് സേവ്യറും വാഴ്ത്തപ്പെട്ട മദർ തെരേസയും അനേക വിദേശമിഷനറിമാരും പ്രവർത്തിച്ച ഇന്ത്യമഹാരാജ്യത്തിനുവേണ്ടി ഇനിയും ഒരു ചെറിയ വിരൽ പോലും അനക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ; നമ്മുടെ ഇന്ത്യയ്ക്കുവേണ്ടി?

ഇല്ലെങ്കിൽ നമുക്ക് ഒരുമിച്ച് കൈകൾ കോർക്കാം, അണിനിരക്കാം. അതേ, ഒരു നല്ല ഇന്ത്യയ്ക്കുവേണ്ടി, ജനകോടികൾക്കുവേണ്ടി, ഇന്ത്യയിലെ 29 സംസ്ഥാനങ്ങൾക്കും, ആറ് കേന്ദ്ര ഭരണപ്രദേശങ്ങൾക്കും വേണ്ടി ദിവസവും ഒരു ജപമാല എന്ന മുദ്രാവാക്യവുമായി കേരളത്തിലുള്ളവരും അന്യസംസ്ഥാനങ്ങളിലുള്ളവരും ഇന്ത്യയ്ക്കുപുറത്തുള്ള മലയാളികളും ഒന്നിച്ച് കൈകോർക്കുന്നു.

ഇതിന്റെ ഭാഗമായി സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ "ഇന്റർസെഷൻ ഫോർ ഇന്ത്യ" എന്ന മിനിസ്ട്രി തുടക്കം കുറിച്ചിരിക്കുകയാണ്. ഇത് ഒരു വ്യക്തിക്കുവേണ്ടിയോ, സംഘടനയ്ക്കു വേണ്ടിയോ അല്ല മറിച്ച് നമ്മുടെ രാജ്യത്തിന് വേണ്ടി, നമുക്കു വേണ്ടി എന്ന ചിന്തയുമായിട്ടാണ് തൃശ്ശൂരിൽ തുടക്കമിട്ടിരിക്കുന്നത്. തൃശ്ശൂർ അതിരൂപതാ സഹായ മെത്രാൻ മാർ റാഫേൽ തട്ടിലിന്റെ ആശീർവ്വാദത്തോടും തൃശ്ശൂർ ബസിലിക്ക മുൻ വികാരി ഫാ. ലൂയീസ് എടക്കളത്തൂരിന്റെ അനുമതിയോടും ഇന്റർസെഷൻ ഫോർ ഇന്ത്യ ആത്മീയ പിതാക്കാന്മാരായ ഫാ. ജോസ് മുണ്ടാടൻ കപ്പൂച്ചിൻ തൃശ്ശൂർ അതിരൂപതാ കരിസ്മാറ്റിക് മുൻ ഡയറക്ടർ ഫാ. ബിജു പാണേങ്ങാടൻ എന്നിവരുടെ അനുഗ്രഹത്തോടും കൂടി പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

പ്രാർത്ഥനകളോടെ, **ലീഡർ, ഇന്റർസെഷൻ ഫോർ ഇന്ത്യ**

## ആശംസകൾ



പരിശുദ്ധ മറിയം വിശുദ്ധരോട് ആവശ്യപ്പെട്ടത് പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാനാണ്. സകല ജനത്തോടും സുവിശേഷം പ്രസംഗിച്ച് (മർക്കോസ് 16 : 15-20) അനേകരെ യേശുവിനായി നേടുവാനുള്ളതാണ് നമ്മുടെ ദൗത്യം. അതിന് ആത്മാവിൽ ജ്വലിക്കുന്ന പ്രേഷിതരെ കർത്താവിന് ആവശ്യമുണ്ട്. ലോകസുവിശേഷീകരണത്തിനും പാപികളുടെ മാനസാന്തരത്തിനും അതിനായി തീഷ്ണതയുള്ള സഭാശുശ്രൂഷകരുടെ രൂപീകരണത്തിനും പരിശുദ്ധ മറിയത്തോടൊപ്പം നമ്മൾ പ്രാർത്ഥിക്കുന്ന വചനാഭിഷേകം നിറഞ്ഞ ജപമാല പ്രാർത്ഥന കാരണമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഇന്റർസെഷൻ ഫോർ ഇന്ത്യയുടെ എല്ലാ പരിശ്രമങ്ങൾക്കും പ്രാർത്ഥനാശംസകൾ

**ഫാ.മാത്യു നായ്ക്കംപറമ്പിൽ** വി.സി, പോട്ട ആശ്രമം



ഇന്ത്യയ്ക്കുവേണ്ടി പ്രാർ ത്ഥിക്കുവാനും മറ്റുള്ളവരിൽ നിന്നും പ്രാർ ത്ഥന ശേഖരിച്ച് ദൈവസന്നിധിയിൽ സമർപ്പിക്കുവാനും ആഗ്രഹിച്ച് പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മയാണ് ഇന്റർസെഷൻ ഫോർ ഇന്ത്യ എന്നത് ഏറെ പ്രസക്തമാണ്. ജപമാല പ്രാർത്ഥനയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഈ പ്രാർത്ഥനാശൃംഖല ജീവിതരംഗങ്ങളിൽ വലിയ മാറ്റങ്ങൾക്കും മാനസാന്തരത്തിനും കാരണമായിത്തീരും. അമ്മയോട് ചേർന്നു പ്രാർത്ഥിക്കുമ്പോൾ അത് കൂടുതൽ ഫലപ്രദമാകും. ധാരാളം ആളുകൾ ഈ പ്രാർത്ഥനാ യജ്ഞത്തോടു ചേരുവാൻ ഇടയാകട്ടെ. ഇന്ത്യയുടെ മുഴുവൻ മാനസാന്തരത്തിനും കാരണമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ജോസ് അഞ്ചാനിക്കൽ, ചെയർമാൻ, എൻ.എസ്.ടി**